15. ബി.എഡ്. സെന്ററുകൾ പൂട്ടാനുള്ള തീരുമാനം

ശ്രീ. ആർ. രാജേഷ്: സർ, കേരള സർവ്വകലാശാലയ്ക്ക് കീഴിൽ പ്രവർത്തിക്കുന്ന 10 ബി.എഡ്. സെന്ററുകൾ പൂട്ടാനുള്ള തീരുമാനം പുനഃപരിശോധിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതിന്റെയും ശമ്പളമടക്കമുള്ള കാര്യങ്ങൾ കൊടുക്കാത്തതിന്റെയും ഭാഗമായാണ് ഈ സെന്ററുകൾ പൂട്ടാൻ തീരുമാനിച്ചിട്ടുള്ളതെന്നാണ് സർവ്വകലാശാല വ്യക്തമാക്കിയത്. ഇതിന്റെ ഭാഗമായി രണ്ടായിരത്തോളം വിദ്യാർത്ഥികൾക്ക് കുറഞ്ഞ ഫീസിൽ പഠിക്കാനുള്ള അവസരമാണ് നിഷേധിക്കപ്പെടുന്നത്. കേസ് നിലനിൽക്കുന്നതിനാൽ, ഈ ബി.എഡ്. കോളേജുകളുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ട് ലഭ്യമാകില്ല. ഒരു പ്രൈവറ്റ് മാനേജ്മെന്റിനുവേണ്ടി ഒരു വ്യക്തിയാണ് ഈ കേസ് കൊടുത്തിട്ടുള്ളത്. ആ പ്രൈവറ്റ് മാനേജുമെന്റിനുവേണ്ടി ഈ സെന്ററുകളിൽ അടിസ്ഥാന സൗകര്യമില്ല, ശമ്പളം കൊടുക്കുന്നില്ല എന്നൊക്കെ പറഞ്ഞ് കേസ് കൊടുക്കുമ്പോൾ അതിനെ പ്രതിരോധിക്കാനായി സർവ്വകലാശാലയോ സിൻഡിക്കേറ്റോ മുന്നോട്ടുവന്നിട്ടില്ല. എൻ.സി.റ്റി.ഇ.-യുടെ മാനദണ്ഡം അനുസരിച്ച് ഈ സെന്ററുകളുടെ ശമ്പളം കൊടുക്കാനാവശ്യമായ തീരുമാനം സിൻഡിക്കേറ്റിനെടുക്കാം, സർക്കാരിന് ബി.എഡ്. സെന്ററുകളുടെ അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാം. സർക്കാർ ഇക്കാര്യത്തിൽ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല, ശമ്പളം കൊടുക്കാനാവശ്യമായ നടപടി സിൻഡിക്കേറ്റും സ്വീകരിച്ചിട്ടില്ല. ഇതിൽ നിന്ന് വ്യക്തമാകുന്നത്, ഈ സ്വകാര്യ വ്യക്തി ഹൈക്കോടതിയിൽ ഹർജി കൊടുക്കുമ്പോൾ ആ സ്വകാര്യ വ്യക്തിയുടെ ഹർജിക്ക് അനുകൂലമായ നടപടിയാണ് സിൻഡിക്കേറ്റ് കോടതിയിൽ സ്വീകരിച്ചിട്ടുള്ളത് എന്നാണ്. യഥാർത്ഥത്തിൽ, ഒരു സർവ്വകലാശാലയ്ക്ക് എതിരെ കേസ് വരുമ്പോൾ കോടതിയിൽ ഹാജരാകേണ്ട സ്റ്റാന്റിംഗ് കൗൺസിൽ ആ യോഗത്തിൽ ഹാജരായിട്ടില്ല. സിൻഡിക്കേറ്റ് ഈ പ്രൈവറ്റ് മാനേജ്മെന്റിന് എല്ലാ ഒത്താശയും ചെയ്യുകയാണ്. ആ പ്രൈവറ്റ് മാനേജ്മെന്റിന് ഒത്താശ ചെയ്തതിനുള്ള പ്രധാനപ്പെട്ട കാരണം, ഇല്ലാത്ത ഭൂമി ഉണ്ടെന്ന് കാണിച്ച് കടലാസ്സ് ട്രസ്റ്റിന്റെ പേരിൽ ഒരു ബി.എഡ്. കോളേജിനുള്ള അഫിലിയേഷൻ സമ്പാദിച്ചിട്ടുള്ള ഒരാളാണ് ഇപ്പോൾ സിൻഡിക്കേറ്റിൽ ഇരിക്കുന്നത്. അദ്ദേഹമാണ് ഈ 10 ബി.എഡ്. സെന്ററുകൾ അടച്ചുപൂട്ടാനാവശ്യമായ നടപടികൾ സിൻഡിക്കേറ്റിനെക്കൊണ്ട് സ്വീകരിപ്പിക്കുന്നത്. ഇത് രണ്ടായിരത്തോളം വരുന്ന വിദ്യാർത്ഥികളുടെ പഠനത്തെ ബാധിക്കും. ഭാവിയിൽ ഇത്രയും വിദ്യാർത്ഥികൾക്ക് മെറിറ്റിൽ കുറഞ്ഞ ഫീസിൽ പഠിക്കാനുള്ള അവസരം നിഷേധിക്കപ്പെടും. ബാറുകളുടെ സൗകര്യത്തെക്കുറിച്ച് വ്യാകുലപ്പെടുന്ന കേരളത്തിലെ നിയമസഭ ഈ ബി.എഡ്. സെന്ററുകളുടെ സൗകര്യം വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ബാറുകളുടെ പ്രശ്നത്തേക്കാൾ പ്രധാനപ്പെട്ട പ്രശ്നം വിദ്യാർത്ഥികളുടെ പഠനമാണ്, അതുകൊണ്ട് രണ്ടായിരം വിദ്യാർത്ഥികളുടെ പഠനം നിഷേധിക്കപ്പെടുന്ന സാഹചര്യം സംബന്ധിച്ച് വളരെ കർശനമായി

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിക്കണം. അതിനാവശ്യമായ നിയമ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ടീച്ചർ എജ്യൂക്കേഷൻ സെന്ററുകൾ കേരള സർവ്വകലാശാല നേരിട്ട് നടത്തുന്ന സ്വാശ്രയ സ്ഥാപനങ്ങളാണ്. ബി.എഡ്. കോഴ്സ് നടത്തുന്ന സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നത് നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എജ്യൂക്കേഷൻ അഥവാ എൻ.സി.റ്റി.ഇ. ആണ്. കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ടീച്ചർ എജ്യൂക്കേഷൻ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനയിൽ എൻ.സി.റ്റി.ഇ. ചില അപാകതകൾ ചൂണ്ടിക്കാണിച്ചിരുന്നു.

കേരള യൂണിവേഴ്സിറ്റി ടീച്ചർ എജ്യൂക്കേഷൻ സെന്ററുകൾ സ്വാശ്രയ സ്ഥാപനങ്ങളാണെങ്കിലും സർവ്വകലാശാലകൾ നേരിട്ട് നടത്തുന്നവയായതിനാൽ സർക്കാർ ഇടപെടുകയും പ്രസ്തുത അപാകതകൾ സമയബന്ധിതമായി പരിഹരിക്കണമെന്ന വ്യവസ്ഥയോടെ 2015-2016 അദ്ധ്യയന വർഷംവരെ കേരള യൂണിവേഴ്സിറ്റി ടീച്ചർ എജ്യൂക്കേഷൻ സെന്ററുകൾക്ക് എൻ.സി.റ്റി.ഇ. യിൽ നിന്നും അംഗീകാരം നൽകുകയുമുണ്ടായി. എന്നാൽ പ്രസ്തുത നടപടി റദ്ദാക്കണമെന്നാവശ്യപ്പെട്ട് കേരള ഹൈക്കോടതി മുമ്പാകെ ശ്രീ. അജിത് ഐസക് ഫയൽ ചെയ്ത ഡബ്ല്യു.പി (സി) 26542/2013 നമ്പർ പെറ്റീഷനിൽ 11-4-2014 തീയതിയിലെ ഹൈക്കോടതിയുടെ വിധിന്യായ പ്രകാരം എൻ.സി.റ്റി.ഇ. യുടെ അംഗീകാരം 2013-2014 അദ്ധ്യയന വർഷത്തിലേയ്ക്ക് മാത്രമായി ചുരുക്കിക്കൊണ്ടും 2014-2015 അദ്ധ്യയന വർഷം മുതൽ കോഴ്സുകൾ നടത്തണമെങ്കിൽ എൻ.സി.റ്റി.ഇ.-യുടെ തുടർ അംഗീകാരം തേടണമെന്നും ഉത്തരവായിട്ടുണ്ട്. ആയതിനാൽ 2014-2015 അദ്ധ്യയന വർഷത്തിലേക്ക് ബി.എഡ്. കോഴ്സ് നടത്തുന്നതിന് അംഗീകാരം ലഭ്യമാക്കുന്നതിലേക്കായി കേരള സർവ്വകലാശാല എൻ.സി.റ്റി.ഇ.-യെ സമീപിച്ചിട്ടുണ്ട്.

കേരളത്തിലെ എല്ലാ സർവ്വകലാശാലകളും ഇത്തരത്തിലുള്ള ധാരാളം സ്വാശ്രയ സ്ഥാപനങ്ങൾ നടത്തുന്നുണ്ട്. പ്രസ്തുത സ്വാശ്രയ സ്ഥാപനങ്ങളു ടെയൊന്നും സാമ്പത്തികബാധ്യത ഏറ്റെടുക്കാൻ സർക്കാരിന് കഴിയില്ല. പ്രസ്തുത സ്വാശ്രയ സെന്ററുകൾ നടത്തണമോ വേണ്ടയോ എന്ന് തീരുമാനി ക്കുന്നത് സർവ്വകലാശാലയുടെ മാത്രം പരിധിയിൽ വരുന്ന കാര്യമാണ്. ടീച്ചർ എജ്യൂക്കേഷൻ സെന്ററുകൾ നിർത്തലാക്കുന്നതിന് തീരുമാനമെടുത്തിട്ടില്ലെന്ന് കേരള സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. പ്രസ്തുത സെന്ററുകൾ നിർത്തലാക്കു ന്നത് സംബന്ധിച്ച് സർവ്വകലാശാലയിൽ നിന്ന് സർക്കാരിന് കത്തുകളൊന്നും ലഭിച്ചിട്ടില്ല.

16. ബൈപ്പാസ് റോഡ് നിർമ്മാണം

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, വെഞ്ഞാറമൂട് ടൗണിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് ബൈപ്പാസ് റോഡ് നിർമ്മിക്കണമെന്നത് സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. കോട്ടയത്തേക്ക്

LIBRARY ARCHIVES Kerala Legislative Assembly